FEDERATION OF RESIDENTS' ASSOCIATIONS
THIRUVANANTHAPURAM (FRAT) Reg. No. 50/93
*Office :* Paraniyam Chambers, Ground Floor, Paraniyam Towers
Vanchiyoor, Thiruvananthapuram - 695 035, website : www.frat.in, email: ourfrat@gmail.com

President T.K. BHASKARA PANICKER ~~Adv. VENNIKULAM GEORGE VARUGHESE~~ Ph : ~~2472500, Mob:9496204636~~
General Secretary ADV. PARANIYAM DEVA KUMAR Ph : 2476440, Mob : 9446508446
Treasurer S. SATHEESACHANDRAN NAIR Ph:0472-2857050,Mob: 9447770368

Date 19.3.2013

പത്രപ്രസ്താവന

## വ്യാജ പ്രസ്താവനയും അഴിമതി ആരോപണവും ഫ്രാറ്റിനെതിരെ തോറ്റവർ ആയുധമാക്കുന്നു

തിരഞ്ഞെടുപ്പിന് 6 മാസം മുമ്പു മുതലേ പട്ടം ശശിധരൻ നായരും സതീഷ് കുമാറും നടത്തി വന്നിരുന്ന വ്യാജ പ്രസ്താവനയും അഴിമതി ആരോപണവും തോറ്റതിനുശേഷവും ഫ്രാറ്റിനെതിരെ തുടർന്നു വരുന്നതിന് ഉദാഹരണമാണ് ഇവർ നടത്തിയ പത്രസമ്മേളനമെന്ന് ഫ്രാറ്റ് പ്രസിഡന്റ് പി.കെ. ഭാസ്കരപ്പണിക്കർ, ജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാർ എന്നിവർ പ്രസ്താവനയിലൂടെ അറിയിച്ചു.

ഫ്രാറ്റ് തെരഞ്ഞെടുപ്പിന് മുമ്പ് എക്സിക്യൂട്ടീവ് കമ്മറ്റിയും പൊതുയോഗവും വ്യാജ ആരോപണസഞ്ചിയായി കണക്കാക്കി തള്ളിക്കളഞ്ഞതും ഇവർ തന്നെ സൃഷ്ടിച്ചതുമായ വ്യാജ അന്വേഷണ റിപ്പോർട്ടും അനുബന്ധ കഥകളും വീണ്ടും പൊടിതട്ടിയെടുത്ത് പത്രമാധ്യമങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നടത്തിയ പാഴ്ശ്രമം മാത്രമാണ് ഇവരുടെ പത്രസമ്മേളനം. ഇതിനെതിരെ മാനനഷ്ടകേസ്സടക്കമുള്ള ശക്തമായ നിയമ നടപടിയുമായി മുന്നോട്ട് പോകുവാൻ ഇന്നലെ കൂടിയ ഫ്രാറ്റ് സെക്രട്ടറിയേറ്റ് തീരുമാനമെടുത്തിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു പോലും അർഹനല്ലാത്ത ശ്രീ. പുഞ്ചക്കരി രവി ഫ്രാറ്റ് ബൈലാ പ്രകാരം അയോഗ്യനായിരുന്നു. ഇദ്ദേഹം വരണാധികാരിയാകുന്നതിനോ തെരഞ്ഞെടുപ്പ് ഹാളിൽ പ്രവേശിക്കുന്നതിനോ പോലും അർഹനല്ലാത്ത ആളുമായിരുന്നു. തെരഞ്ഞെടുത്ത ഭാരവാഹികളായി പറയുന്ന പട്ടം ശശിധരൻ നായർ, സതീഷ് കുമാർ, മനോഹരൻ നായർ, ഗോപകുമാർ, വി. രാധാകൃഷ്ണൻ നായർ, സുഗന്ധി നായർ, സുശീലാ ദേവി എന്നിവർ ഫ്രാറ്റ് ബൈലാ പ്രകാരം വാർഷിക വരി അടയ്ക്കാതെ അയോഗ്യരായി തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ കഴിയാതായവരുമാണ്. സംഘടനയുടെ പ്രാഥമിക അംഗത്വം പോലും ലഭിക്കാത്ത ഇവർ സംഘടനയുടെ നേതാക്കളായി ചമയുന്നത് തോറ്റ ജാള്യത മറയ്ക്കാനും

Contd... 2

പൊതുജനങ്ങളെ ആശങ്കയിലാഴ്ത്താനും മാത്രമാണ്. തലസ്ഥാന നഗരിയുടെ അഭിമാനമായ ഫ്രാറ്റിനെ ജനമദ്ധ്യത്തിൽ കരിവാരിതേയ്ക്കുക മാത്രമാണ് ഇവരുടെ ലക്ഷ്യം.

പൊതുസമ്മേളനം തെരഞ്ഞെടുത്ത വരണാധികാരി എം.വി. സുഗതൻ ആയിരുന്നു. അദ്ദേഹം തെരഞ്ഞെടുത്ത ഞങ്ങൾ അടങ്ങിയ ഭാരവാഹികളെ ഫ്രാറ്റ്, സെക്രട്ടറിയേറ്റ് കേന്ദ്ര സമിതി എന്നിവ അംഗീകരിക്കുകയും വിമത ശബ്ദം പുറപ്പെടുവിക്കുന്ന വിരലിലെണ്ണാവുന്ന അയോഗ്യരും അച്ചടക്ക നടപടിയ്ക്ക് പാത്രമായവരും നടത്തുന്ന വ്യാജ പ്രചരണങ്ങളെയും പ്രസ്താവനകളെയും തള്ളിക്കളഞ്ഞ് ഫ്രാറ്റിനെ ശക്തമായി മുന്നോട്ട് നയിക്കുവാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ഇതിനുപിന്നിൽ ഫ്രാറ്റിന്റെ എല്ലാ അംഗ അസോസിയേഷനുകളും അണിനിരന്നതിന്റെ ആശങ്കയാണ് വീണ്ടും ഇവർ പുറപ്പെടുവിക്കുന്ന വ്യാജ പത്രപ്രസ്താവനകൾ. ഇതിനെ പത്രമാധ്യമങ്ങളും പൊതുജനങ്ങളും തള്ളിക്കളയണമെന്ന് ഫ്രാറ്റ് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

ജനറൽ സെക്രട്ടറി